**സബ്മിഷൻ**

## (1) <u>ലാസ്റ്റ് ഗ്രേഡ് ലിസ്റ്റിൽ നിന്നുള്ള നിയമനം</u>

<u>ശ്രീ. പി. ഉബൈദുള്ള</u> : സർ, മലപ്പുറം ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് സർവന്റ്സിനെ ബാധിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. 29-6-2012-ൽ നിലവിൽവന്ന മലപ്പുറം ജില്ല യിലെ ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ 2500-ലധികം പേർ സ്ഥാനം പിടിച്ചിട്ടുണ്ട്. വർഷങ്ങൾ നീണ്ട കഠിന പ്രയത്നങ്ങളുടെയും നിരന്തര പരിശ്രമങ്ങളുടെയും ഫലമായി സർക്കാർ ഉദ്യോഗം സ്വപ്നം കണ്ട് റാങ്ക് ലിസ്റ്റിൽ ഇടം കിട്ടിയ ഉദ്യോഗാർത്ഥികളുടെ എല്ലാ പ്രതീക്ഷകളെയും തകിടം മറിക്കുന്ന രീതിയിലുള്ള പ്രവർത്തനമാണ് ഇപ്പോൾ നടന്നുകൊണ്ടിരി ക്കുന്നത്. റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ട് ഒരു വർഷമായിട്ടും നാമമാത്രമായ നിയമനം മാത്രമെ ഇതുവരെ നടന്നിട്ടുള്ളൂ. ഏറ്റവും കൂടുതൽ തദ്ദേശഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും എല്ലാമുള്ള മലപ്പുറം ജില്ലയിൽ ഒഴിവുകൾ ഏറെയുണ്ടായിട്ടും ലാസ്റ്റ് ഗ്രേഡ് നിയമനം സ്തംഭിച്ചിരിക്കുക യാണ്. മറ്റു ജില്ലകളിൽ നടന്ന നിയമനങ്ങൾ പരിശോധിക്കുമ്പോൾ ഇതിന്റെ വസ്തുതകൾ ബോധ്യപ്പെടും. തിരുവനന്തപുരം - 718, കൊല്ലം - 490, പത്തനംത്തിട്ട - 222, കോട്ടയം - 171, ആലപ്പുഴ - 121, ഇടുക്കി-101, എറണാകുളം - 194, തൃശ്ശൂർ - 543, പാലക്കാട് - 530, കോഴിക്കോട് - 429, കണ്ണൂർ - 239, വയനാട് - 156, കാസർഗോഡ് - 100 എന്നിങ്ങനെയാണ് നിയമനങ്ങൾ നടന്നിരിക്കുന്നത്. എന്നാൽ മലപ്പുറം ജില്ലയിൽ വെറും

86 നിയമനങ്ങൾ മാത്രമാണ് ഇതിനകം നടന്നിട്ടുള്ളത്. ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിൽ പല ഉദ്യോഗസ്ഥന്മാരും അനാസ്ഥ കാണിക്കുകയാണ്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതും നിയമനം നൽകുന്നതിനുള്ള കാലതാമസവുമാണ് ഇപ്പോൾ ഉണ്ടായിട്ടുള്ളത്. ഇത് ഒഴിവാക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം. 2013 മാർച്ച് വരെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ 60 എണ്ണമാണ്. അതിനുശേഷം ഏപ്രിൽ-മെയ് മാസങ്ങളിൽ ഒരൊറ്റ ഒഴിവും റിപ്പോർട്ട് ചെയ്തിട്ടില്ല. പൊതുമരാമത്ത്, മുൻസിപ്പൽ സർവ്വീസ്, കൃഷി, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം തുടങ്ങിയ വകുപ്പുകളിൽ നിരവധി ഒഴിവുകൾ നിലനിൽക്കുന്നുണ്ടെങ്കിലും 6 മാസമായി മുകളിൽപ്പറഞ്ഞ വകുപ്പുകളിൽ ഒരു നിയമനവും നടക്കുന്നില്ല. യഥാസമയം ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതാണ് ഇതിന് പ്രധാനമായ കാരണം. 2013 മാർച്ചിനുശേഷം പി.എസ്.സി. ഒരു നിയമന ഉത്തരവുപോലും നൽകിയിട്ടില്ല. റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്കും നിയമനം നടത്താൻ സംസ്ഥാന പി.എസ്.സി. ഓഫീസിന്റെ അനുമതിക്കായി ജില്ലാ ഓഫീസ് കാത്തിരിക്കുകയാണ്. കൃത്യമായ സംവരണക്രമങ്ങൾ പാലിക്കാതെ നിയമനങ്ങൾ നടത്തിയതിന് ജില്ലാ ഓഫീസിന്റെ പ്രവർത്തനം താല്ക്കാലികമായി തടഞ്ഞിരിക്കുകയാണെന്ന് അറിയുന്നു.. ആയതിനാൽ ഈ വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റിൽ നിന്നും ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യാനും നിയമനങ്ങൾ അടിയന്തരമായി നടത്താനുമാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, മലപ്പുറം ജില്ലയിലെ വിവിധ വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് തസ്തികയുടെ റാങ്ക് ലിസ്റ്റ്

29-06-2012-ൽ നിലവിൽവന്നു. ഈ റാങ്ക് ലിസ്റ്റിൽനിന്നും 88 ഉദ്യോഗാർത്ഥികൾക്ക് 28-02-2013 വരെ നിയമന ശുപാർശ നൽകിയിരുന്നു. എന്നാൽ തുടർന്ന് പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തിയ പരിശോധനയിൽ 30-01-2013-ൽ നടത്തിയ നിയമനങ്ങളുടെ റൊട്ടേഷൻ നിശ്ചയിച്ചതിൽ പിശകുള്ളതായി കണ്ടെത്തി.. പ്രസ്തുത പിശക് പരിഹരിക്കുന്നതിനായി റൊട്ടേഷൻ പുന:ക്രമീകരിക്കേണ്ടതായുണ്ട്. അപ്രകാരം റൊട്ടേഷൻ പുന:ക്രമീക്കാനുള്ള നടപടികൾ പി.എസ്.സി.-യിൽ നടന്നുവരികയാണ്. ഈ തസ്തികയിലെ 75 ഒഴിവുകൾകൂടി നിയമന ശുപാർശ ചെയ്യുന്നതിനായി ഇപ്പോൾ ശേഷിക്കുന്നുണ്ട്. മേൽ പരാമർശിച്ചപ്രകാരം റൊട്ടേഷൻ പുന:ക്രമീകരിച്ചശേഷം ഈ തസ്തികയിലേയ്ക്ക് നിയമന ശുപാർശ ഉടനെതന്നെ നൽകുന്നതായിരിക്കും. നിയമനങ്ങൾ ത്വരിതപ്പെടുത്താൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ലഭ്യമായ ഒഴിവുകളും 2014 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി.-യെ അറിയിക്കാൻ എല്ലാ വകുപ്പുമേധാവികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാവുന്ന എല്ലാ ഒഴിവുകളും റിപ്പോർട്ട് ചെയ്ത് പ്രസ്തുത വിവരം അറിയിക്കണമെന്ന് മലപ്പുറം ജില്ലാകളക്ടർ ജില്ലയിലെ എല്ലാ വകുപ്പുമേധാവികൾക്കും ഇതിനോടകം നിർദ്ദേശം നൽകിക്കഴിഞ്ഞു.

**(2) <u>കമ്പനിയിലെ മാലിന്യങ്ങൾ പുഴയിലേയ്ക്ക് ഒഴുക്കിവിടുന്ന പ്രശ്നം</u>**

<u>ശ്രീ. ബി.ഡി. ദേവസ്സി</u>: സർ, ചാലക്കുടി പുഴയിൽ പുളിക്കക്കടവ്, മാമ്പ്ര, പാറക്കടവ് ഭാഗങ്ങളിൽ മത്സ്യങ്ങൾ വ്യാപകമായി ചത്തുപൊന്തിയത്

കാടുകുറ്റി പഞ്ചായത്തിലെ നിറ്റാ ജലാറ്റിൻ കമ്പനിയിൽനിന്ന് പുഴയിലേയ്ക്ക് വിടുന്ന മലിനജലം മൂലമാണെന്ന വ്യാപകമായ ആക്ഷേപവും ഇതിനെതിരായി കടുത്ത പ്രതിഷേധവും ഉയർന്നിരിക്കുകയാണ്. മത്സ്യങ്ങൾ ചത്തുപൊന്തിയതിനെത്തുടർന്ന് ജനങ്ങൾക്കിടയിലുണ്ടായിട്ടുള്ള ആശങ്ക അകറ്റുന്നതിനും ഇതിന്റെ കാരണം കണ്ടെത്തുന്നതിനും ശാസ്ത്ര-സാങ്കേതിക വിദഗ്ദ്ധരും പോലീസും ഉൾപ്പെടുന്ന ഒരു എക്സ്പെർട്ട് പാനൽ അടിയന്തരമായി രൂപീകരിച്ച് ഉന്നതതല അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതോടൊപ്പം മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി കണക്കൻകടവ് റെഗുലേറ്റർ-കം-ഷട്ടറിലെ ഷട്ടറുകൾ ഈ ദിവസങ്ങളിൽ തുറന്ന് വെള്ളം ഒഴുക്കിയതിനെക്കുറിച്ചും അന്വേഷിക്കണമെന്നും അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും കമ്പനി അധികൃതരും തമ്മിൽ നടത്തിയ ചർച്ചയുടെ തീരുമാനങ്ങൾ നടപ്പാക്കിയെന്ന് കമ്പനി അവകാശപ്പെടുമ്പോഴും മലിനജലം പുഴയിലേയ്ക്ക് ഒഴുക്കിവിടുന്നതായും കടുത്ത ദുർഗന്ധം അനുഭവപ്പെടുന്നതായും വായു, ജല മലിനീകരണം തുടരുന്നതായും ഇപ്പോഴും ജനങ്ങൾക്ക് പരാതിയുണ്ട്. ആയതുകൊണ്ട് കമ്പനി ഏർപ്പെടുത്തിയ ക്രമീകരണങ്ങൾ ഫലപ്രദമാണോയെന്നും പ്രസ്തുത വിദഗ്ദ്ധ സമിതി പരിശോധിച്ച് വിലയിരുത്തേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രശ്നപരിഹാരത്തിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ടവരുടെ യോഗം ഉടൻ വിളിച്ചുചേർത്ത് അടിയന്തര നടപടി സ്വീകരിക്കണമെന്നും ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ബി.ഡി. ദേവസ്സി ഇവിടെ ഉന്നയിച്ചത് ആ പ്രദേശത്തെ ഒരു പ്രധാനപ്പെട്ട

പ്രശ്നമാണ്. നിറ്റാ ജലാറ്റിൻ ഫാക്ടറിയിൽനിന്ന് മലിനീകരണമുണ്ടാകുന്നുവെന്ന് അവിടത്തെ ജനങ്ങൾ പരാതിപ്പെടുന്നു, കമ്പനിയിലെ തൊഴിലാളികൾ അവരുടെ ജോലി നഷ്ടപ്പെടും മലിനീകരണം ഇല്ലായെന്നുള്ള നിലപാടും എടുത്തുകൊണ്ടിരിക്കുകയാണ്. കമ്പനിയിൽനിന്നുള്ള മലിനീകരണം സ്ഥിരമായി ഒഴിവാക്കാൻ 31-12-2012-നുള്ളിൽ നടപടികൾ സ്വീകരിക്കാത്ത പക്ഷം ഉറപ്പായി നൽകിയിരുന്ന 25 ലക്ഷം രൂപയുടെ ബാങ്ക് ഗ്യാരന്റി മലിനീകരണ നിയന്ത്രണ ബോർഡ് കണ്ടുകെട്ടുമെന്നും കമ്പനിക്ക് നൽകിയിരിക്കുന്ന പ്രവർത്തനാനുമതി റദ്ദാക്കുമെന്നും തീരുമാനിച്ചിരുന്നു. ഇക്കാര്യങ്ങൾ 20-06-2012-ൽ ശ്രീ. റ്റി.എൻ. പ്രതാപൻ എം.എൽ.എ. സബ്മിഷനായി നിയമസഭയിൽ ഉന്നയിക്കുകയും മേൽപ്പറഞ്ഞ കാര്യങ്ങൾ സഭയെ ധരിപ്പിക്കുകയും ചെയ്തു. അതിനുശേഷം വീണ്ടും പരാതി വന്നതിനെത്തുടർന്ന് ഞാൻതന്നെ ഒരു യോഗം വിളിച്ചുകൂട്ടി ആ യോഗത്തിൽവച്ച് മലിനീകരണം ഒഴിവാക്കുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കാൻ തീരുമാനിക്കുകയും അത് നിരീക്ഷിക്കാനായി സർവ്വശ്രീ. ബി.ഡി. ദേവസ്സി, വി.ഡി. സതീശൻ, റ്റി. എൻ. പ്രതാപൻ എന്നീ എം.എൽ.എ.മാർ ഉൾപ്പെട്ട മേൽനോട്ട സമിതിയും രൂപീകരിച്ചിരുന്നു. ഇവ നടപ്പാക്കുന്നതിൽ എന്തെങ്കിലും വീഴ്ച കമ്പനി കാണിച്ചാൽ ആ വിവരം ഗവൺമെന്റിനെ അറിയിക്കണമെന്നും തീരുമാനിച്ചു. അതിനുശേഷം കുറച്ചുനാളത്തേയ്ക്ക് ഒരു ആശ്വാസമുണ്ടായിരുന്നു. ഇപ്പോൾ വീണ്ടും പരാതി വളരെ രൂക്ഷമായി വന്നിരിക്കുകയാണ്. പുഴയിൽ കാര്യമായി ഒഴുക്കില്ലാതിരുന്ന സമയത്ത് കമ്പനി മാലിന്യങ്ങൾ തുറന്നുവിട്ടിരുന്നില്ലായെന്നും എന്നാൽ മഴ ആരംഭിച്ചതോടുകൂടി ഇത് വീണ്ടും തുടങ്ങിയെന്നുമുള്ള പത്രവാർത്തകളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാ

നപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ മത്സ്യങ്ങൾ ചത്തുപൊങ്ങിയതും ദുർഗന്ധം വമിച്ചതും കുടിവെള്ളത്തിന്റെ പമ്പിംഗ് നിർത്തിവച്ചതുമൊക്കെ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് വളരെ ഗൗരവമായിട്ടാണ് ഗവൺമെന്റ് കാണുന്നത്. ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാം എന്നുള്ളതിനെക്കുറിച്ച് പ്രത്യേകം ആലോചിക്കുന്നതാണ്.

## (3) രാത്രികാല പോസ്റ്റുമോർട്ടം പരിശോധന

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പോസ്റ്റുമോർട്ടം സംബന്ധിച്ച് ഈ സഭയിൽ ഞാൻ എത്ര സബ്മിഷൻ അവതരിപ്പിച്ചു എന്ന് എനിക്കു തന്നെ അറിയില്ല. ഇടയ്ക്ക് ഒരാശ്വാസം ലഭിച്ചത് 24 മണിക്കൂറും പോസ്റ്റുമോർട്ടം നടത്താൻ മന്ത്രിസഭാ യോഗമെടുത്ത തീരുമാനമായിരുന്നു. Sanction is accorded to conduct night autopsies in all the government medical colleges in the first stage, which will be then extended to all general hospitals and further to the district hospitals in the final stage by providing artificial lighting to match the daylight and necessary infrastructure. The service of sufficient number of personal would be ensured for the above purpose by creating additional posts if found necessary. 23-02-2013-ന് ഇറങ്ങിയ എം.എസ്. നം. 51/2013/ഹോം. സർക്കാർ ഉത്തരവിൽ പറയുന്നത് ഇങ്ങനെയാണെങ്കിലും "വഞ്ചി ഇപ്പോഴും തിരുനക്കരെ തന്നെയാണ്". അപകടങ്ങളിൽ മരണപ്പെടുന്നവരുടെ കുടുംബത്തിനുവേണ്ടി മറ്റൊന്നും നമുക്ക് ചെയ്യാൻ കഴിയില്ലെങ്കിലും ഉറ്റവരുടെ

വേർപാടിൽ കരളുരുകി കഴിയുന്നവർക്ക് ജഡം പെട്ടെന്ന് വിട്ടുകൊടുക്കാൻ കഴിയണമെന്നതാണ് എല്ലാവരുടേയും ആഗ്രഹം. അത് ഇപ്പോഴും പകൽ കിനാവായി അവശേഷിക്കുന്നു എന്നതാണ് പരമാർത്ഥം. മന്ത്രിസഭ എടുത്ത തീരുമാനംപോലും നമുക്ക് പ്രാവർത്തികമാക്കാൻ കഴിയുന്നില്ല എന്നത് ഗൗര വമായി കാണേണ്ടതുണ്ട്. മന്ത്രിസഭയുടെ ഈ തീരുമാനത്തെ കിട്ടാക്കനി ലഭി ച്ചാലുണ്ടാകുന്ന ആഹ്ലാദത്തോടെയായിരുന്നു കേരളം ഹൃദയത്തിലേറ്റിയത്. അതോടൊപ്പം ഈ തീരുമാനത്തെ പുച്ഛിക്കാനും അവഹേളിക്കാനും ഒരു വിഭാഗം മുന്നോട്ടുവന്നു എന്നത് നമ്മെ വേദനിപ്പിക്കുന്നു. ചില ഡോക്ടർമാർ സർക്കാർ തീരുമാനത്തിനെതിരെ പ്രസംഗിക്കുകയും ലേഖന ങ്ങൾ എഴുതുകയും ചെയ്തു. സർക്കാർ എടുത്ത ഒരു സുപ്രധാന തീരു മാനം അംഗുലീപരിമിതങ്ങളായ, സമൂഹത്തിന് ഗുണകരമല്ലാത്ത ചിലരുടെ നിലപാടുമൂലം കോൾഡ് സ്റ്റോറേജിലായിപ്പോകുന്നു എന്നത് ഭൂഷണമല്ല. സർക്കാർ തീരുമാനം വന്നതിനുശേഷം മോർച്ചറികൾ സന്ദർശിക്കാൻ കഴിയാത്ത സാഹചര്യമാണ് എം.എൽ.എ.മാരെ സംബന്ധിച്ചിടത്തോളമുള്ളത്. എവിടെപ്പോയി നിങ്ങളുടെ 24 മണിക്കൂറിനുള്ളിലെ പോസ്റ്റ് മോർട്ടം എന്നാണ് ആളുകൾ ചോദിക്കുന്നത്. ജനക്കൂട്ടത്തിനുമുന്നിൽ എം.എൽ.എ.-മാർ പരിഹാസ്യരാകുന്നു. ഈ സങ്കടകരമായ അവസ്ഥയിൽനിന്ന് എന്നെപ്പോലെയുള്ള എം.എൽ.എ.-മാരെ രക്ഷിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥി ക്കാനുള്ളത്. ഒന്നുകിൽ സർക്കാർ എടുത്ത തീരുമാനം നടപ്പിലാക്കണം അല്ലെ ങ്കിൽ 24 മണിക്കൂറിനുള്ളിൽ പോസ്റ്റുമോർട്ടം നടത്താൻ കഴിയില്ല എന്നുപറ യണം. ഈ വിഷയത്തിലുള്ള ആശയക്കുഴപ്പം ഇന്നത്തോടുകൂടി

അവസാനിക്കുമെന്ന പ്രതീക്ഷയോടെ ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഈ വിഷയവുമായി ബന്ധപ്പെട്ട് ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഇന്ന് നൽകിയ സബ്മിഷനും കൂടി കൂട്ടിയാൽ മൂന്നാമത്തെ സബ്മിഷനാണ് ഇവിടെ അവതരിപ്പിക്കുന്നത്. അതിന് മുമ്പ് രണ്ട് സബ്മിഷനുകൾ അവതരിപ്പിച്ചിരുന്നു. ആ കാര്യത്തിൽ ക്യാബിനറ്റിൽ തീരുമാനമെടുക്കുകയും ചെയ്തു. മൃതദേഹങ്ങൾ രാത്രി സമയത്ത് പോസ്റ്റ്മോർട്ടം നടത്തുന്നതിന് ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷം ഇടുക്കി, എറണാകുളം റൂറൽ എന്നീ ജില്ലകളിലൊഴികെ മറ്റു ജില്ലകളിൽ രാത്രി സമയം പോസ്റ്റ്മോർട്ടം നടത്തേണ്ടതായ സാഹചര്യമുണ്ടായിട്ടില്ല. 25-03-2013-ൽ ഇടുക്കിയിലെ രാജാക്കാട് പോലീസ് സ്റ്റേഷൻ പരിധിയിൽ വച്ച് തിരുവനന്തപുരത്തെ വെള്ളനാട് സാരാഭായി എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികൾ സഞ്ചരിച്ച ബസ്സ് അപകടത്തിൽപ്പെട്ട് മരണമടഞ്ഞ ഏഴ് പേരുടെ മൃതദേഹങ്ങൾ ഇടുക്കി അടിമാലി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിലും ഒരു മൃതദേഹം മൂവാറ്റുപ്പുഴ ജനറൽ ആശുപത്രിയിലും കൊണ്ടുവന്നു. ആ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ആവശ്യമായ ലൈറ്റും മറ്റ് ക്രമീകരണങ്ങളും ഒരുക്കിയ ശേഷം രാത്രി സമയം തന്നെ പോസ്റ്റ്മോർട്ടം നടത്തിയിട്ടുണ്ട്. പകൽസമയത്ത് സമാനമായ പ്രകാശക്രമീകരണങ്ങൾ, ആവശ്യമായ ഡോക്ടർമാർ, സ്റ്റാഫ് തുടങ്ങിയ മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തിയാൽ മാത്രമേ സർക്കാർ ഉത്തരവ് പൂർണ്ണമായും നടപ്പാക്കാൻ സാധിക്കൂവെന്ന് സംസ്ഥാന

ഫോറൻസിക് വിഭാഗം അഭിപ്രായപ്പെട്ടിട്ടുണ്ട്. കൂടാതെ ഡോക്ടേഴ്സിന്റെ ഒരു ഒപ്പീനിയനുമുണ്ട്. മൂന്ന് ഷിഫ്റ്റുകളിലായി പണിയെടുക്കുമ്പോൾ, നിലവിലുള്ള ഒറ്റ ഷിഫ്റ്റിലെ ആളുകളുടെ സേവനം ഉപയോഗപ്പെടുത്തി 24 മണിക്കൂറും പോസ്റ്റ്മോർട്ടം നടത്താൻ സാധിക്കില്ല എന്നുള്ള പ്രൊഫഷണലായിട്ടുള്ള ഒരു പ്രശ്നമാണ് അവർ മുന്നോട്ട് വച്ചിട്ടുള്ളത്. ആരോഗ്യവകുപ്പുമന്ത്രിയുമായി ആലോചിച്ച് ഇത് പ്രാക്ടിക്കലാക്കുന്നതിനുവേണ്ടി എന്തൊക്കെ നടപടികൾ എങ്ങനെയൊക്കെ എടുക്കാമെന്ന് ഗവൺമെന്റ് പരിശോധിക്കുന്നതാണ്. ക്യാബിനറ്റ് തീരുമാനത്തോട് അനുബന്ധമായി ചില നടപടികളെടുത്തിട്ടുണ്ട്. കുറച്ചു പോസ്റ്റ്മോർട്ടങ്ങൾ നടത്തിയിട്ടുമുണ്ട്. എന്നാൽ ഫോറൻസിക് ഡോക്ടേഴ്സ് ഉന്നയിച്ചിട്ടുള്ള വാദഗതിയിൽ തൃപ്തികരമായ ഒരു പരിഹാരമുണ്ടാക്കി ഇത് നടപ്പാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എ.കെ. ബാലൻ: ................. (മൈക്ക് ഓഫ്).........................

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങയുടെ അഭിപ്രായം ആരോഗ്യപരമായ പ്രശ്നങ്ങളിൽ അങ്ങേയ്ക്കുള്ള അവഗാഹമായ അറിവിന്റെ അടിസ്ഥാനമാണെന്ന് കണക്കാക്കാം. അതും പരിശോധിക്കാം.

## (4) സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, വളരെയധികം ഗൗരവമുള്ള പ്രശ്നമാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. സംസ്ഥാനത്ത് സാമൂഹ്യവിരുദ്ധ പ്രവർത്തനം നടത്തുന്നവരെ തടയുന്നതിനുള്ള ഒരു സംവിധാനമായിട്ടാണ് സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമം കൊണ്ടുവന്നിട്ടുള്ളത്.

വ്യാജവാറ്റുകാർ, കള്ളനോട്ട് നിർമ്മാതാക്കൾ, പരിസ്ഥിതി ധ്വംസകർ, ഡിജിറ്റൽ ഡാറ്റാ പകർപ്പവകാശ അപകർത്താക്കൾ, മയക്കുമരുന്ന് കുറ്റവാളികൾ, ഹവാല തട്ടിപ്പുകാർ, വാടകച്ചട്ടമ്പികൾ, റൗഡികൾ, അസാൻമാർഗിക കുറ്റവാളികൾ, കൊള്ളപ്പലിശക്കാർ, വസ്തുകയ്യേറ്റക്കാർ തുടങ്ങിയവർക്ക് എതിരായി കൊണ്ടുവന്ന ഈ നിയമം ഇപ്പോൾ പൊതുപ്രവർത്തകന്മാർക്കെതിരായി ഉപയോഗിക്കുന്ന സ്ഥിതിയാണ് സംസ്ഥാനത്ത് വന്നുചേർന്നിട്ടുള്ളത്. രാഷ്ട്രീയ പ്രവർത്തകർക്കും , പൊതുപ്രവർത്തകർക്കും എതിരെ ഈ നിയമം ഉപയോഗിക്കുന്ന സ്ഥിതി വന്നാൽ, ഈ നിയമം നിലനിൽക്കില്ല എന്ന കാര്യം  നിയമം പാസ്സാക്കുന്ന സന്ദർഭത്തിൽ സഭ വിലയിരുത്തിയതാണ്. കണ്ണൂരിൽ ഇപ്പോൾ ഉണ്ടായിട്ടുള്ള പ്രശ്നം, ജില്ലാ സ്പോർട്ട്സ് കൗൺസിലിന്റെ പ്രസിഡന്റ് ശ്രീ. ഒ.കെ. ബിനീഷ് എന്നയാൾ ഡി.വൈ.എഫ്.ഐ.-യുടെ ജില്ലാ സെക്രട്ടേറിയറ്റ് അംഗം കൂടിയാണ്. വിലക്കയറ്റത്തിൽ പ്രതിഷേധിച്ച് നടത്തിയ സമരമാണ് അയാൾക്കെതിരായി ചാർജ് ചെയ്ത ഒരു കേസ്. പെൻഷൻ പ്രായം വർദ്ധിപ്പിച്ചതിൽ പ്രതിഷേധിച്ച് നടത്തിയ സമരമാണ് അടുത്ത കേസ്. ഇന്ധന വില വർദ്ധനവിൽ പ്രതിഷേധിച്ച് നടത്തിയ സമരമാണ് മറ്റൊരു കേസ്. ഇതെല്ലാം പോലീസ് സുവോ മോട്ടോ എടുത്ത കേസ്സുകളാണ്. അങ്ങനെയുള്ള ഒരാളെ ഐ.ജി. നോട്ടീസ് കൊടുത്തിരിക്കുന്നത് ഈ നിയമത്തിലെ 15-ാം വകുപ്പനുസരിച്ച് ജില്ലാ മജിസ്ട്രേട്ടിനോ അല്ലെങ്കിൽ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലിന്റെ റാങ്കിലുള്ളതോ അതിനുമുകളിലുള്ളതോ ആയ ഒരു ഓഫീസർക്ക് അധികാരമുണ്ട് എന്നാണ്. ഒരാളെ വേണമെങ്കിൽ ഒരു വർഷക്കാലയളവിലേയ്ക്ക് ആ സ്ഥലത്തുനിന്ന് മാറ്റി നിർത്താം എന്ന തരത്തിലുള്ള ഒരു വകുപ്പ് ഇതിനകത്തുണ്ട്. ആ വകുപ്പുപയോഗിച്ചുകൊണ്ടാണ് രാഷ്ട്രീയ പ്രവർത്ത

കരെ ഒരു ജില്ലയിൽ നിന്ന് നാട് കടത്തുന്നത് എന്ന നിലയിലേയ്ക്ക് ഈ നിയമം ഇപ്പോൾ ദുരുപയോഗപ്പെടുത്താൻ തുടങ്ങിയിരിക്കുന്നത്. ശ്രീ. ഷാജിർ എന്ന് പറയുന്ന ഒരാളുടെ പേരിൽ ഇപ്പോൾ നോട്ടീസ് കൊടുത്തു. അയാൾ കണ്ണൂർ സർവ്വലാശാലയുടെ ചെയർമാനും എസ്.എഫ്.ഐ.-യുടെ സംസ്ഥാന ജോയിന്റ് സെക്രട്ടറിയുമാണ്. സർവ്വകലാശാലയിലെ ബിരുദാനന്തര ബിരുദ വിദ്യാർത്ഥിയാണ് ശ്രീ. ഷാജിർ. അയാളുടെ പേരിൽ 307 പ്രകാരം കേസ് ചാർജ് ചെയ്തിരിക്കുകയാണ്. കണ്ണൂർ സർവ്വകലാശാലയിലെ ഫീസുകൾ 70 ശതമാനം വർദ്ധിപ്പിച്ചു. അതിനെതിരായി വിദ്യാർത്ഥികൾ സമരം നടത്തിയിരുന്നു. ആ സമരത്തിൽ പോലീസുമായി ഉണ്ടായ പ്രശ്നത്തിന്റെ പേരിൽ കേസ്സെടുത്തു. ഇപ്പോൾ പോലീസുമായി ബന്ധപ്പെട്ട എല്ലാ കേസ്സുകളിലും വിദ്യാർത്ഥികൾക്കെതിരായി 307 പ്രകാരം കേസ്സെടുത്തിട്ടുണ്ട്. അങ്ങനെ വന്ന ഒരു കേസ്സാണ്. സർവ്വകലാശാലയിൽ വിദ്യാർത്ഥികൾ നടത്തിയ സമരത്തെത്തുടർന്ന് ഫീസ് വർദ്ധനവ് പിൻവലിക്കുകയും വിദ്യാർത്ഥികളുടെ ആവശ്യം അംഗീകരിക്കുകയും ചെയ്തു. ശ്രീ. ഷാജിറിനെ റൗഡിയായി പ്രഖ്യാപിച്ചുകൊണ്ട് നാടുകടത്താൻ നോട്ടീസ് കൊടുത്തിരിക്കുകയാണ്. 22 വയസ്സുള്ള ശ്രീ. മനീഷ് ഡി.വൈ.എഫ്.ഐ. പ്രവർത്തനത്തിൽ പങ്കെടുത്തുവെന്നതിന്റെ പേരിലാണ് അയാൾക്കും നോട്ടീസ് കൊടുത്തിട്ടുള്ളത്. ശ്രീമതി കെ.കെ. ലതിക എം.എൽ.എ.യുടെ മകന്റെ പേര് ശ്രീ. ജൂലിയസ് നികിതാസ് എന്നാണ്. കോഴിക്കോട് എൻ.ഐ.ടി.യിൽ നിന്ന് ബി.ടെക് സിവിൽ എഞ്ചിനീയറിംഗ് ബിരുദം നേടിയ ആളാണ്. അയാളുടെ പേർക്ക് നിരവധി കേസ്സുകളുണ്ടെന്ന് പറഞ്ഞു ഇപ്പോൾ നാടുകടത്തിയിരിക്കുകയാണ്. കോഴിക്കോട് റൂറലിൽ നിന്ന് മാറ്റി. ഒരു എം.എൽ.എ.യുടെ മക

നെയാണ് നാടുകടത്തിയിരിക്കുന്നത്. ഒരു വകതിരിവുമില്ലാതെ ആർക്ക് എതിരായും ഈ നിയമം ഉപയോഗിക്കുകയാണ്. അയാളുടെ പേരിൽ 307 പ്രകാരം കേസ് ചുമത്തിയിട്ടില്ല എന്നാണ് അന്വേഷണത്തിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്. വിദ്യാർത്ഥി സമരത്തിലും മറ്റും പങ്കെടുക്കുന്നതിന്റെ പേരിൽ ഉണ്ടാകുന്ന കേസ്സുകളെ ഇങ്ങനെ ദുരുപയോഗപ്പെടുത്താനിടയുണ്ട് എന്ന് മുൻകൂട്ടി കണ്ടുകൊണ്ട് നിയമത്തിൽത്തന്നെ ഒരു പ്രൊവിഷൻ ചേർത്തിട്ടുണ്ട്. അധികാരം കിട്ടിയാൽ ഈ നിയമം ദുരുപയോഗപ്പെടുത്തും. അത് ദുരുപയോഗപ്പെടുത്തുന്നുവെന്ന് ബോദ്ധ്യമായാൽ ഏത് സമയത്തും ഈ ഉത്തരവ് ഭാഗികമായോ പൂർണ്ണമായോ റദ്ദ് ചെയ്യാനോ ഭേദഗതി ചെയ്യാനോ ഗവൺമെന്റിന് അധികാരം കൊടുത്തിട്ടുണ്ട്. കണ്ണൂരിൽ കഴിഞ്ഞ രണ്ടാഴ്ചയായി എസ്.എഫ്.ഐ.-യുടെയും ഡി.വൈ.എഫ്.ഐ.-യുടെയും നേതൃത്വത്തിൽ ഐ.ജി. ഓഫീസിനുമുമ്പിൽ അനിശ്ചിത കാല രാപ്പകൽ സമരം നടക്കുകയാണ്. ആയിരക്കണക്കിന് യുവജനവിദ്യാർത്ഥി പ്രവർത്തകർ അവിടെ കുത്തിയിരിക്കുകയാണ്. ഇന്ന് അവിടെ എൽ.ഡി.എഫ്.-ന്റെ ആഭിമുഖ്യത്തിൽ ജില്ലാ കളക്ടറേറ്റിലേയ്ക്ക് വലിയൊരു മാർച്ചും ആരംഭിച്ചു കഴിഞ്ഞിരിക്കുകയാണ്. ഈ സമരം ഇങ്ങനെ പോകുകയാണെങ്കിൽ, ഇതിന്റെ പേരിൽ വീണ്ടും വീണ്ടും കേസ്സുകൾ വരികയും കൂടുതൽ ആളുകളെ നാടുകടത്തേണ്ട സാഹചര്യം ഉണ്ടാകുകയും ചെയ്യും. ഇവിടത്തെ എം.എൽ.എ.മാരായിട്ടുള്ള ആളുകളുടെ പേരിൽ ഇതുപോലുള്ള വകുപ്പുകളുടെ അടിസ്ഥാനത്തിൽ ചാർജ് ചെയ്ത കേസ്സുകളുണ്ട്. പല ആളുകളുടെ പേരിലും രണ്ടും മൂന്നും നാലും അഞ്ചും കേസ്സുകൾ വീതമുണ്ട്. എന്റെ പേരിലും കേസ് ഉണ്ടെന്നാണ് തോന്നുന്നത്. അങ്ങനെയാണെങ്കിൽ എം.എൽ.എ. മാരെ

യൊക്കെ നാട് കടത്തുമോ? സാമൂഹ്യവിരുദ്ധ പ്രവർത്തനം നടത്തുന്നവർക്ക് നേരെ പ്രയോഗിക്കാൻ വേണ്ടി കൊണ്ടുവന്ന ഒരു നിയമം, അത് എസ്.എഫ്. ഐ., ഡി.വൈ.എഫ്.ഐ. പ്രവർത്തകർക്ക് നേരെ ഉപയോഗിച്ചാൽ, നാളെ ഇത് കെ.എസ്.യു., യൂത്ത് കോൺഗ്രസ്, എ.ഐ.എസ്.എഫ്. എന്നിവർക്ക് എതിരെയും പ്രയോഗിക്കും. പൊതു പ്രവർത്തനങ്ങൾ നിറുത്തേണ്ട സ്ഥിതിയി ലേയ്ക്ക് കാര്യങ്ങൾ ചെന്ന് എത്തുമോ? ബ്രിട്ടീഷുകാർ ചെയ്തതു പോലെയുള്ള ഈ നാടുകടത്തൽ നിയമം വന്നാൽ എന്ത് സംഭവിക്കും? എം.എൽ.എ.മാർക്കുപോലും ഈ സംസ്ഥാനം വിട്ടുപോകേണ്ട സ്ഥിതിയുണ്ടാകും. കേരളത്തിൽ നാട് കടത്തുന്ന സ്ഥിതിവിശേഷമുണ്ടാകും. ഇത് വളരെ അപകടകരമായ ഒരു അവസ്ഥയാണ്. അടിയന്തരാ വസ്ഥക്കാലത്ത് ഈ നിയമം ദുരുപയോഗപ്പെടുത്തിയതുപോലെയുള്ള ഒരു സ്ഥിതിയിലേയ്ക്ക് കേരളം എത്താൻ പാടില്ല. ക്രിക്കറ്റ് കളിക്കാരനായ ശ്രീശാന്തിനെ ഡൽഹി പോലീസ് മകോക്ക എന്ന് പറയുന്ന നിയമത്തിൽ ഉൾപ്പെടുത്തി. ഡൽഹി പോലീസ് വളരെ ശക്തമായി ശ്രീശാന്തിനെ വിമർശി ച്ചില്ലേ? ഒരു നിയമം എങ്ങനെ ദുരുപയോഗപ്പെടുത്തണമെന്നതിന്റെ ഏറ്റവും നല്ല തെളിവാണ് ഡൽഹി പോലീസിന്റെ പ്രവൃത്തി. ഡൽഹി കോടതി ഇന്നലെ ഡൽഹി പോലീസിന് എതിരായി നടത്തിയ വിമർശനം ശ്രദ്ധേയമാണ്. നിയമം രാജ്യത്തെ രക്ഷിക്കുന്നതിനുവേണ്ടിയുള്ളതാണ്. അതിനെ ദുരുപയോഗം ചെയ്യാൻ ഒരു പോലീസ് ഓഫീസറേയും അനുവദിക്കരുത്. ആ കാര്യത്തിൽ ഗവൺമെന്റ് ഇടപെടണം. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഈ പ്രശ്നത്തിൽ ഇടപെടണം. അങ്ങ് ഇന്നലെ ഇവിടെ ഒരു പിതാവിന്റെ വികാരങ്ങളൊക്കെയുള്ള മന്ത്രിയാണെന്ന് പറഞ്ഞു. ആ തലത്തിൽ ചിന്തിച്ചുകൊണ്ട് സർക്കാർ ഈ നിയമം ഇത്തരത്തിലുള്ള

ആവശ്യത്തിനുവേണ്ടി ഉപയോഗിക്കുകയില്ലായെന്ന് ഉറപ്പുവരുത്തുകയും അവിടെ തുടർന്നുകൊണ്ടിരിക്കുന്ന സമരം സംഘർഷാവസ്ഥയിൽ എത്തുന്നതിനുമുമ്പ് ആ പ്രശ്നത്തിൽ ഒരു തീരുമാനമുണ്ടാക്കാൻ ശ്രമിക്കണം. സമാധാനപരമായിട്ടാണ് ഇപ്പോൾ സമരം നടത്തുന്നത്. അതിനെ മറ്റുതരത്തിലുള്ള പ്രശ്നങ്ങളിലേയ്ക്ക് കൊണ്ടുപോകാതെ കണ്ണൂരിന്റെ സമാധാന ജീവിതം ഉറപ്പുവരുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. മറ്റെന്നാൾ മുതൽ കോഴിക്കോട്ടും അവർ സമരം പ്രഖ്യാപിച്ചിരിക്കുകയാണ്. ഈ രണ്ട് ജില്ലകളിലേയും പ്രശ്നങ്ങൾ ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി ഇടപെട്ട് ഇന്ന് തന്നെ ഒരു പരിഹാരം കാണണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഈ വിഷയത്തെ സംബന്ധിച്ച് ഇന്നലെ ഒരു ചർച്ചയിൽ ഇടപെട്ടുകൊണ്ട് ഗവൺമെന്റിന്റെ സ്റ്റാന്റ് ഞാൻ വ്യക്തമാക്കുകയുണ്ടായി. ഗവൺമെന്റിന് ആരേയും മന:പൂർവ്വം വേട്ടയാടണമെന്നില്ല. ഗവൺമെന്റ് ആ കാര്യത്തിൽ വളരെ കർക്കശമായ സമീപനമാണ് സ്വീകരിക്കുന്നത്. മാത്രവുമല്ല, ഞങ്ങളുടെ സമീപനത്തെക്കുറിച്ച് ഞാൻ സൂചിപ്പിക്കുകയും ചെയ്തു. ഹാസ്യരൂപത്തലാണെങ്കിലും അവിടെ അത് കയ്യടിച്ച് പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അതാണ് ഇതിന് വന്ന സ്ഥിതി. അങ്ങ് പറഞ്ഞതിന് മാത്രമായി ഞാൻ ഉത്തരം പറയാം. പക്ഷെ എന്റെ അഭിപ്രായം ഞാൻ അവസാനം പറയുകയും ചെയ്യും. ഒരു അംഗീകൃത വിദ്യാഭ്യാസ സ്ഥാപനത്തിലെ, വിദ്യാർത്ഥി സമൂഹത്തിലെ ഒരംഗമെന്ന നിലയിൽ രണ്ടാം വകുപ്പ് (റ്റി) ഖണ്ഡത്തിൽ പ്രസ്താവിച്ചിട്ടുള്ള കുറ്റകരമായ ഒരു പ്രവൃത്തിയും, വെറും സാന്നിദ്ധ്യം കൊണ്ട്, എന്നാൽ പരസ്യമായി പ്രവർത്തനമില്ലാതെയും അതിന് സഹായകരമായി കുറ്റക്കാരായ ഗൂഢാലോചനയിൽ

പങ്കെടുക്കാതെയും ആ സ്ഥാപനത്തിലെ വിദ്യാർത്ഥിയുടെ പൊതുവായ ഇടപെടൽമൂലം സംഭവിച്ചിട്ടുള്ള ഒരു സംഭവത്തിൽ, ആ പ്രത്യേക സംഭവത്തിലുള്ള അയാളുടെ ഇടപെടൽ മൂലവും അല്ലെങ്കിൽ അംഗീകൃത രാഷ്ട്രീയ പാർട്ടിയിൽപ്പെട്ട ആളുകളാണ് ഈ പറയുന്ന നിബന്ധനകൾക്ക് അപ്പുറത്താണെന്ന് വരികയാണെങ്കിൽ അത് ൗഹസ്യേമ്ശ്യൂലെ ആണ്. ഇപ്പുറത്താണെങ്കിൽ ഈ നിബന്ധനകൾക്ക് അനുസരിച്ച് മാത്രമേ നിയമത്തിന്റെ നടപടികളുണ്ടാവുകയുള്ളൂ. അപ്പുറത്തുള്ള കാര്യങ്ങൾ ആ രൂപത്തിൽത്തന്നെ പോകും. 15(1) വകുപ്പനുസരിച്ച് ഇങ്ങനെയൊരു കേസ്സെടുത്തുകഴിഞ്ഞാൽ കേസ്സെടുക്കുന്ന ഉദ്യോഗസ്ഥന് പെറ്റീഷൻ കൊടുക്കാം. ഇതിന്റെ അഫക്ടഡ് ആയിട്ടുള്ള വ്യക്തികൾക്ക് 15(2) വകുപ്പനുസരിച്ച് ബോർഡിന് അപ്പീൽ കൊടുക്കാനും 15(3) വകുപ്പനുസരിച്ച് ഗവൺമെന്റിന് അപ്പീൽ നൽകാനുള്ള അധികാരമുണ്ട്. നേരത്തെ നിയമസഭ പാസ്സാക്കിയ നിയമത്തിൽ ഈ പ്രൊട്ടക്ഷൻ വച്ചിട്ടുള്ളത് ഇതിന്റെ ദുരുപയോഗം ഉണ്ടാകാതിരിക്കുന്നതിനുവേണ്ടിയാണ്. 15(1), 15(2), 15(3) വകുപ്പുകളനുസരിച്ചുള്ള ഗവൺമെന്റിന്റെ പവേഴ്സിൽ ഉൾക്കൊള്ളത്തക്കവിധത്തിൽ റിട്ടണായ ഒരു അപേക്ഷ ഈ വ്യക്തികളിൽനിന്ന് ലഭിച്ചാൽ ഗവൺമെന്റ് അത് പോസിറ്റീവായിത്തന്നെ പരിഗണിക്കും. അതാണ് ഗവൺമെന്റിന്റെ സ്റ്റാന്റ്. ഗവൺമെന്റിന് ആരെയും വേട്ടയാടാനില്ല. ഇതിന്റെ പേരിൽ ഒരു സമരം ആളിക്കത്തിക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുകൊണ്ട് സമരം പിൻവലിക്കാൻ ദയവായി അങ്ങ് തന്നെ മുൻകയ്യെടുക്കണം. കണ്ണൂരിലെ സമരം അവസാനിപ്പിച്ച് ശാന്തമായ അന്തരീക്ഷത്തിൽ മുന്നോട്ടുപോകണം. ജൂലിയസ് നിഖിദാസിന്റെ കേസ്സിൽ ബോർഡ് അപ്പീൽ കേട്ടതിനുശേഷം

ഉത്തരവിനായി വച്ചിരിക്കുകയാണ്. അതിന്റെ ലീഗൽ പൊസിഷൻ അതാണ്. ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന പോസിറ്റീവായ നടപടി ഇക്കാര്യത്തിലുണ്ടാകും. അതുകൊണ്ട് സമരം അവസാനിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം. അങ്ങയുടെകൂടി അഭിപ്രായം ഈ സഭ കേൾക്കുന്നത് നന്നായിരിക്കുമെന്ന് ഞാൻ കണക്കാക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇത് സംബന്ധിച്ച് സർക്കാർ വേഗത്തിൽ തീരുമാനമെടുക്കുമെന്നും രാഷ്ട്രീയ പ്രവർത്തകർക്കെതിരായി നാടുകടത്തൽ നിയമം ഉപയോഗിക്കുകയുമില്ല എന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ സമരം നിർത്തുന്നതിനെ സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ആലോചിക്കുന്നതാണ്.

## (5) പ്ലസ് ടു കോഴ്സ് അനുവദിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, എന്റെ നിയോജകമണ്ഡലത്തിലുൾപ്പെടുന്ന കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്ലസ് ടു കോഴ്സ് പഠനസൗകര്യമില്ല. കോളേജുകളിൽനിന്നും പ്രീ-ഡിഗ്രി കോഴ്സ് എടുത്ത് മാറ്റിയതുപ്രകാരം പഞ്ചായത്തിലെ പഴഞ്ഞി എം.ഡി കോളേജിൽനിന്നും പ്രീ-ഡിഗ്രി കോഴ്സ് മാറ്റി. അതോടുകൂടി നേരത്തെയുണ്ടായിരുന്ന സൗകര്യം കൂടി ഇല്ലാതായി. കാട്ടകാമ്പാൽ പഞ്ചായത്തിൽ പ്ലസ് ടു പഠന സൗകര്യം പൂർണ്ണമായി ഇല്ലാതായി. ഓരോ വർഷവും പഞ്ചായത്തിൽനിന്നും 400 ലധികം കുട്ടികൾ എസ്.എസ്.എൽ.സി ക്ക് മികച്ച രീതിയിൽ വിജയിക്കുന്നുണ്ട്. ഇവരെല്ലാം പഞ്ചായത്തിനുപുറത്ത് വളരെ അകലെയുള്ള ഹയർ സെക്കണ്ടറി സ്കൂളിൽ പോയാണ് പ്ലസ് ടു കോഴ്സ് പഠിച്ചുകൊണ്ടി

രിക്കുന്നത്. വലിയ ബുദ്ധിമുട്ടുകളും സമയനഷ്ടവുമാണ് ഇതുമൂലം കുട്ടികൾക്കുണ്ടാകുന്നത്. പ്ലസ് ടു കോഴ്സ് അനുവദിക്കുന്നതിന് കെട്ടിടം, ഗ്രൗണ്ട് എന്നീ എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളും കാട്ടകാമ്പാൽ പഞ്ചായത്തിലെ പഴഞ്ഞി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ ഹൈസ്കൂൾ വിഭാഗത്തോടനുബന്ധിച്ച് നിലവിലുണ്ട്. കത്ത് മുഖേനയും മറ്റും ഇക്കാര്യങ്ങളൊക്കെ ഞാൻ അതാത് സമയത്ത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുമുണ്ട്. ഇതിനെല്ലാം പുറമെ അവിടെ പ്ലസ് ടു അനുവദിക്കുകയാണെങ്കിൽ കൂടുതൽ കെട്ടിടങ്ങൾ പണിയുന്നതിനാവശ്യമായ പണവും ആ അർത്ഥത്തിൽ നീക്കി വച്ചിട്ടുണ്ട്. ഈ കാര്യങ്ങളെല്ലാം പരിഗണിച്ച്, പഴഞ്ഞി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ ഹൈസ്കൂൾ വിഭാഗത്തോടനുബന്ധിച്ച് പ്ലസ് ടു കോഴ്സ് പഠന സൗകര്യം ഈ അദ്ധ്യയന വർഷം തന്നെ അനുവദിക്കുന്നതിന് നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, പഴഞ്ഞി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ സ്ഥിതി ചെയ്യുന്ന കാട്ടകാമ്പാൽ ഗ്രാമ പഞ്ചായത്തിൽ ഹയർ സെക്കണ്ടറി തലത്തിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറിയൊഴികെ മറ്റു പഠനസൗകര്യങ്ങളൊന്നും ലഭ്യമല്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2012-13 അദ്ധ്യയന വർഷം മാർച്ചിലെ സെക്കണ്ടറിതല പരീക്ഷയിൽ 228 കുട്ടികൾ ഉന്നതപഠനത്തിന് യോഗ്യത നേടിയപ്പോൾ വൊക്കേഷണൽ ഹയർ സെക്കണ്ടറിയിലെ 85 സീറ്റുകൾ മാത്രമാണ് ഉപരിപഠനത്തിനായി ലഭ്യമായിട്ടുള്ളത്. പ്രസ്തുത സ്കൂളിന്റെ അഞ്ച് കിലോമീറ്റർ ചുറ്റളവിലുള്ള

കടവല്ലൂർ ജി.എച്ച്.എസ്.എസ്-ൽ പ്ലസ് ടു വിന് 120 സീറ്റുകൾ മാത്രമാണ് നിലവിലുള്ളത്. 2010-11 അധ്യയന വർഷത്തിൽ പുതിയതായി ഹയർ സെക്കണ്ടറി കോഴ്സ് അനുവദിക്കുന്നതിനായി അപേക്ഷ ക്ഷണിച്ചപ്പോൾ പഴഞ്ഞി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളും പുതുതായി ഹയർ സെക്കണ്ടറി കോഴ്സ് അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും പ്രസ്തുത സ്കൂളിൽ നിലവിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ പ്രവർത്തിക്കുന്നുണ്ട് എന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്കൂളിന് അഞ്ച് കിലോമീറ്റർ ചുറ്റളവിൽ കടവല്ലൂർ ജി.എച്ച്.എസ്.എസ് സ്ഥിതിചെയ്യുന്നുണ്ട് എന്നത് കണക്കിലെടുത്തും പ്രസ്തുത അപേക്ഷ അനുവദിക്കുകയുണ്ടായില്ല. ഹയർ സെക്കണ്ടറി സ്കൂളുകളില്ലാത്ത പഞ്ചായത്തുകളിൽ പുതിയതായി ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കുന്ന സമയത്ത് പഴഞ്ഞി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ പ്ലസ് ടു കോഴ്സ് അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## (6) സൗജന്യമായി ജാതി തെളിയിക്കൽ സർട്ടിഫിക്കറ്റ്

ശ്രീ. പുരുഷൻ കടലുണ്ടി: സർ, പട്ടികജാതി കുടുംബങ്ങൾക്ക് ജാതി തെളിയിക്കൽ സർട്ടിഫിക്കറ്റ് സൗജന്യമായി ലഭിച്ചിരുന്നു. എന്നാൽ ഇന്ന് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ഫീസ് നൽകേണ്ട സ്ഥിതിയാണുള്ളത്. അക്ഷയ കേന്ദ്രത്തിൽ പണം അടച്ചാലും ജാതി സർട്ടിഫിക്കറ്റ് ലഭിക്കാൻ കാലതാമസം വരുന്നു. ഈ കാലതാമസം വിദ്യാർത്ഥികളെയും ഉദ്യോഗാർത്ഥികളെയും വല്ലാതെ അലട്ടുന്നുണ്ട്. ജാതി തെളിയിക്കൽ സർട്ടിഫിക്കറ്റ് സൗജന്യമായി ലഭിക്കാനും കാലതാമസം ഒഴിവാക്കാനും പഴയതുപോലെ താലൂക്കാഫീ

സിൽനിന്ന് നേരിട്ട് വിതരണം ചെയ്ത് പാവപ്പെട്ടവരെ സഹായിക്കണമെന്നും ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, വിവിധ സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് സൗകര്യപ്രദമായി വീടിനടുത്തുള്ള പൊതുജനസേവന കേന്ദ്രങ്ങൾ വഴി, അതായത് അക്ഷയ സെന്ററുകൾ ഓൺ ലൈനായി ലഭ്യമാക്കുന്ന ഇ-ഡിസ്ട്രിക്ട് പദ്ധതി സംസ്ഥാന വ്യാപകമായി 2013 മാർച്ച് മുതൽ നടപ്പാക്കി വരുന്നുണ്ട്. തുടക്കത്തിൽ റവന്യൂ വകുപ്പിന്റെ 23 സേവനങ്ങളാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി വഴി നൽകുന്നത്. ഓൺ ലൈനായി സർട്ടിഫിക്കറ്റ് നൽകുന്നതിനും തുകകൾ സ്വീകരിക്കുന്നതിനും മറ്റും നിയമസാധുത നൽകാനായി 2010-ലെ കേരള വിവര സാങ്കേതിക വിദ്യ (ഇലക്ടോണിക് സേവനങ്ങളുടെ വിതരണം) ചട്ടങ്ങൾ എന്ന പേരിൽ ചട്ട ങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ചട്ടങ്ങളിലെ 4-ാം വകുപ്പ് പ്രകാരം ഈ സേവനങ്ങൾക്ക് സേവനദാതാവിന് സർവീസ് ചാർജ് ഈടാക്കാ വുന്നതാണ്. ഈ ചട്ടങ്ങളിൽ നിശ്ചയിച്ച പ്രകാരമുള്ള ചാർജ് അക്ഷയകേന്ദ്ര ങ്ങൾ ഈടാക്കി വരുന്നുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ഈ സേവനം സൗജന്യമായി ലഭിക്കുന്നതിന് 2010-ലെ കേരള വിവര സാങ്കേതിക വിദ്യ (ഇലക്ട്രോണിക് സേവനങ്ങളുടെ വിതരണം) ചട്ടത്തിൽ ഭേദഗതി വരുത്തേ ണ്ടതുണ്ട്. എന്നാൽ വില്ലേജ് ഓഫീസുകളിൽ നേരിട്ട് അപേക്ഷ നൽകുന്ന പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ഇപ്പോഴും സൗജന്യമായിത്തന്നെയാണ് സർട്ടിഫിക്കറ്റുകൾ നൽകിവരുന്നത്. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് തഹസീൽദാരാണ് ജാതി സർട്ടിഫിക്കറ്റ് നൽകിവരുന്നത്. ജാതി സർട്ടിഫിക്കറ്റി

നായി അപേക്ഷ സമർപ്പിച്ചാൽ ടി അപേക്ഷയിന്മേൽ അന്വേഷണം നടത്തി അപേക്ഷകന്റെ അവകാശ വാദം ശരിയാണെന്ന് തെളിയിക്കുന്ന പക്ഷം 7 ദിവസത്തിനുള്ളിൽ ജാതി സർട്ടിഫിക്കറ്റ് വിതരണം ചെയ്യേണ്ടതാണെന്ന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. ആയതുപ്രകാരം ജാതി സർട്ടിഫിക്കറ്റുകൾ നൽകിവരുന്നു. അക്ഷയകേന്ദ്രങ്ങൾവഴി ഈ സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് അക്ഷയ കേന്ദ്രങ്ങളിൽ കാലതാമസം അനുഭവപ്പെടുന്നുണ്ടെങ്കിൽ അത് ഈ പദ്ധതിയുടെ ആരംഭമായതിനാലാണ്. അത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. വില്ലേജ് ഓഫീസുകൾവഴി അപേക്ഷകർക്ക് നേരിട്ട് സർട്ടിഫിക്കറ്റുകൾ നൽകുന്ന രീതി ഇപ്പോഴും തുടർന്നുവരുന്നുണ്ട്.

## (7) നായാടി സമുദായ കുടുംബങ്ങൾക്ക് ആനുകൂല്യങ്ങൾ

ശ്രീമതി പി. അയിഷാ പോറ്റി: സർ, കൊട്ടാരക്കര മണ്ഡലത്തിലുള്ള മൈലം പഞ്ചായത്തിൽ കൂട്ടമായി ജീവിച്ചുവരുന്ന നായാടി സമുദായത്തിൽ ഉൾപ്പെട്ടിരുന്ന ഒരു വിഭാഗം ജനങ്ങളുടെ പ്രശ്നമാണ് ഞാൻ ഇവിടെ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. ഇത്രയും കാലം എസ്.സി വിഭാഗത്തിലുൾപ്പെടുത്തി, താലൂക്ക് ഓഫീസിൽവരെ ഉദ്യോഗം ലഭിക്കുകയും നിരവധി സ്ഥലങ്ങളിൽ പഠിക്കാൻ പോവുകയും ചെയ്ത കുട്ടികൾക്ക് എസ്.സി വിഭാഗത്തിന്റെ എല്ലാ ആനുകൂല്യങ്ങളും ലഭിച്ചിരുന്നു. നായാടി സമുദായമെന്നറിയപ്പെട്ടുകൊണ്ടുതന്നെ ജീവിച്ചുപോന്ന അവർക്ക് ഒരു ചെറിയ പെറ്റീഷന്റെ അടിസ്ഥാനത്തിൽ കിർത്താഡ്സിന്റെ പഠന സംഘം വന്ന് അവർ നായാടി സമുദായമല്ലെന്ന് പറഞ്ഞതിനാൽ അവർക്ക് എല്ലാ ആനുകൂല്യങ്ങളും നഷ്ടപ്പെട്ട അവസ്ഥയാണ്. നായാടി സമുദായമല്ലെങ്കിൽപ്പോലും ഇത്രയും പാവപ്പെട്ട

സ്ഥിതിയിൽ ജീവിക്കുന്ന അവർക്ക് മുമ്പ് ലഭിച്ചുകൊണ്ടിരുന്ന എസ്.സി യുടെ ആനുകൂല്യങ്ങൾ ലഭിക്കാനുള്ള എല്ലാ സഹായവും ചെയ്തുതന്ന് അവരെ എസ്.സി വിഭാഗത്തിലുൾപ്പെടുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. അവർ അതീവ ദാരിദ്ര്യത്തിൽ ജീവിക്കുന്നവരും ആ പ്രദേശത്തെ മാത്രം കേന്ദ്രീകരിച്ച് ജീവിക്കുന്നവരുമാണ്. അതുകൊണ്ട് ഇതിനൊരു പരിഹാരമുണ്ടാക്കിത്തരണമെന്ന് വളരെ വിനയത്തോടുകൂടി ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽകുമാർ): സർ, കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കില മൈലം പ്രദേശത്ത് താമസിക്കുന്ന ഒരു വിഭാഗം ആൾക്കാർ തങ്ങൾ പട്ടികജാതി നായാടി വിഭാഗക്കാരാണെന്നും അതുപ്രകാരം തങ്ങൾക്ക് പട്ടികജാതി നായാടി ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കുവാനാവശ്യമായ നടപടി സ്വീകരിക്കണമെന്നുമാവശ്യപ്പെട്ട് നിവേദനം നൽകിയിരുന്നു. കൂടാതെ പ്രസ്തുത ആവശ്യമുന്നയിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ വിവിധ റിട്ട് പെറ്റീഷനുകൾ ഫയൽ ചെയ്യപ്പെട്ടിരുന്നു. ഈ സാഹചര്യത്തിൽ പ്രസ്തുത വിഭാഗത്തിന് നായാടി അവകാശ വാദവുമായി ബന്ധപ്പെട്ട് കിർത്താഡ്സിനോട് റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെടുകയും അതനുസരിച്ച് കിർത്താഡ്സ് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. കിർത്താഡ്സിന്റെ നരവംശ ശാസ്ത്രപരമായ പഠന റിപ്പോർട്ടിൽ പ്രസ്തുത വിഭാഗം കോടാങ്കി നായ്ക്കൻ വിഭാഗത്തിൽപ്പെടുന്നവരാണെന്നും ആയതിനാൽ അവരുടെ നായാടി അവകാശവാദം വ്യാജമാണെന്നുമാണ് പറഞ്ഞിരിക്കുന്നത്. വളരെ വർഷങ്ങൾക്കുമുമ്പ്

ആന്ധ്രാപ്രദേശിൽനിന്ന് കുടിയേറിപ്പാർത്തവരുടെ പിൻതലമുറക്കാരാണ് ഇപ്പോൾ മൈലം പ്രദേശത്ത് അധിവസിക്കുന്നവരെന്നും അവർ കോടാങ്കി നായ്ക്കൻ വിഭാഗത്തിൽപ്പെടുന്നവരാണെന്നും അവർക്ക് സംസ്ഥാനത്തെ യഥാർത്ഥ പട്ടികജാതി നായാടി വിഭാഗവുമായി യാതൊരു ബന്ധവുമില്ലെന്നും പഠനത്തിൽ വെളിപ്പെടുകയുണ്ടായി. മാത്രമല്ല, ഇവരുടെ ജീവിത രീതിയും സാംസ്കാരിക പൈതൃകവും സാമൂഹിക ചുറ്റുപാടുകളും യഥാർത്ഥ നായാടി സമുദായത്തിൽനിന്നും തികച്ചും വിഭിന്നമാണെന്നും കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാനത്ത് പാലക്കാട്, തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ നിവസിക്കുന്ന യഥാർത്ഥ പട്ടികജാതി നായാടി വിഭാഗക്കാരുമായി വൈവാഹിക ബന്ധത്തി ലേർപ്പെട്ടിട്ടില്ലെന്നും പഠനത്തിൽ വെളിവായിട്ടുണ്ട്. എന്നിരുന്നാലും ഈ വിഭാ ഗത്തിന് അവരുടെ അവകാശവാദം വിശദീകരിക്കുവാൻ സർക്കാർ അവസരം നൽകുകയും ഹിയറിംഗ് നടത്തുകയും ഹിയറിംഗിൽ തങ്ങളുടെ നായാടി അവകാശ വാദത്തിന്മേൽ ഉപോദ്ബലകമായ വസ്തുതകളും രേഖകളും സമർപ്പിച്ച് സ്ഥാപിച്ചെടുക്കുവാൻ അവർക്ക് കഴിഞ്ഞിട്ടില്ല. ഗവൺമെന്റിന് എസ്.സി വിഭാഗത്തിൽ ഉൾപ്പെടുത്താനോ എസ്.സി. വിഭാഗത്തിൽനിന്ന് പുറ ത്താക്കാനോ കഴിയില്ല. കിർത്താഡ്സിന്റെ നരവംശശാസ്ത്ര പഠനമാണ് നമുക്ക് അതിനുള്ള മാനദണ്ഡം. ക്യാബിനറ്റിനുപോലും അതിൽ അവകാശമില്ല. മാത്രമല്ല, ഇവിടെ ചെയ്തുകഴിഞ്ഞാലും പാർലമെന്റിന്റെ അംഗീകാരം ലഭിക്കണം. ഇപ്പോൾ അവരെ ഒ.ബി.സി വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം ഈ വിഭാഗക്കാരുടെ പരിതാ പകരമായ അവസ്ഥ സഭയിൽ സൂചിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ വീണ്ടും ഇതിനെക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

## (8) പുഴക്കൽപ്പടി പാലം

ശ്രീ. എം.ഹംസ : സർ, എന്റെ നിയോജകമണ്ഡലത്തിലെ ശ്രീകൃഷ്ണപുരം-കരിമ്പുഴ പഞ്ചായത്തുകളെ ബന്ധപ്പെടുത്തുന്ന പുഴക്കൽപ്പടിപ്പാലം നിർമ്മാണത്തിനുള്ള അനുമതി തരണമെന്ന് എനിക്ക് അഭ്യർത്ഥിക്കുന്നു. അഞ്ച് സ്പാനുകളും 111 മീറ്റർ നീളവും 150 മീറ്റർ റോഡുമുള്ള ചെറിയ പാലമാണത്. ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജിലേയ്ക്കും വി.ടി.ബി. കോളേജിലേയ്ക്കും ബി.എഡ്. കോളേജിലേയ്ക്കും വിദ്യാർത്ഥികൾക്കും മറ്റും എത്തിച്ചേരാൻ എളുപ്പമുള്ള മാർഗ്ഗമാണ് ഈ പാലം. വളരെയധികം സൗകര്യപ്രദമായ ഈ പാലത്തിന് വളരെ പെട്ടെന്ന് ഭരണാനുമതി നൽകി നിർമ്മാണപ്രവർത്തനം നടത്തുന്നതിനുവേണ്ടിയുള്ള ഇടപെടൽ ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നും ജനകീയസ്വപ്നം സാക്ഷാത്ക്കരിക്കാനാവശ്യമായ സഹായം ഉണ്ടാകണമെന്നും അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): സർ, തുപ്പനാട് പുഴയ്ക്കുകുറുകെ പാളപ്പിള്ളി-പേഴ്മുട്ട റോഡിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പുഴക്കൽപ്പടി പാലത്തിന് 14.8.2009-ൽ സർക്കാർ ഉത്തരവു പ്രകാരം 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. തുടർന്ന് 1.9 ലക്ഷം രൂപയ്ക്കുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് സാങ്കേതികാനുമതിയും നൽകി. 22.32 മീറ്റർ വീതിയുള്ള 5 സ്പാനുകളോടുകൂടി പ്രസ്തുത പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടും ഡിസൈനും തയ്യാറാക്കി വരുന്നു. 2012-ലെ എസ്.ഒ.ആർ. പ്രകാരം ഏകദേശം 12 കോടി രൂപ ഈ പാലത്തിന്റെ

നിർമ്മാണത്തിന് ആവശ്യമായി വരുമെന്ന് കണക്കാക്കുന്നു. ഡിസൈൻ ലഭ്യ മാക്കി എത്രയും വേഗം പാലം പണി ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## (9) റഗുലേറ്ററുകളും ചെക്ക്ഡാമുകളും നിർമ്മിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. സി.പി. മുഹമ്മദ്: സർ, ഭാരതപ്പുഴയിലും അതിന്റെ പോഷക നദി യായ കുന്തിപ്പുഴയിലും റഗുലേറ്ററുകളും ചെക്ക്ഡാമുകളും പണിയണമെന്നാ വശ്യപ്പെട്ടുകൊണ്ടാണ് ഞാൻ ഈ സബ്മിഷന് നോട്ടീസ് നൽകിയത്. ഭാഗ്യവശാൽ ഇതിലെ പ്രധാനപ്പെട്ട ഒരു പദ്ധതിയായ ചങ്ങണാംകുന്ന് പദ്ധ തിക്ക് നബാർഡിൽ നിന്ന് സഹായം കിട്ടുകയും ചെയ്തു. അതിനുമുൻകൈ എടുത്ത ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. പാലക്കാട് ജില്ലയുടെ പടിഞ്ഞാറ് ഭാഗത്തുള്ള ഭാരതപ്പുഴയിലും കുന്തിപ്പു ഴയിലുമുള്ള ജലസമ്പത്ത് സംരക്ഷിച്ചുനിർത്തുന്നതിനും കണ്ണുനീർ ചാലായി ഒഴുകിയിരുന്ന ഭാരതപ്പുഴ കഴിഞ്ഞ വരൾച്ചയിൽ ഒരു മരുഭൂമിയായി മാറിയ ദുരവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനും കൂട്ടക്കടവിലും ഒറ്റപ്പാലത്തും റെഗുലേറ്റർ കെട്ടണമെന്ന ആവശ്യം നിലവിലുണ്ട്. കുന്തിപ്പുഴയിൽ തിരുവേഗ പ്പുറ, വിളയൂരിലെ പാറക്കടവ്, നാട്യമംഗലം തോണിക്കടവ് എന്നിവിടങ്ങ ളിലും ചെക്ക്ഡാം കെട്ടേണ്ടതുണ്ട്. ഇതിന്റെ മുകളിൽ കുലുക്കല്ലൂർ പഞ്ചാ യത്തിലെ മപ്പാട്ട്കരയിലെ 1 കോടി 62 ലക്ഷം രൂപ ചെലവഴിച്ച് 4 മാസം കൊണ്ട് പൂർത്തിയാക്കിയ ഒരു തടയണ ബഹുമാനപ്പെട്ട മന്ത്രി 15 ദിവസ ങ്ങൾക്കുമുൻപ് ഉദ്ഘാടനം ചെയ്യുകയുണ്ടായി. അത് മനോഹരമായ കാഴ്ച

യായിരുന്നു. അതുകൊണ്ട് ഈ പദ്ധതികൾക്ക് കഴിയുന്നത്ര വേഗത്തിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ടെണ്ടർ ചെയ്യിക്കുവാൻ ബഹുമാനപ്പെട്ട മന്ത്രി മുൻകൈ എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ചങ്ങണാംകുന്ന് റഗുലേറ്ററിന്റെ താഴെ, ബഹുമാനപ്പെട്ട മുൻനിയമസഭാ സ്പീക്കറും ചേലക്കര എം.എൽ.എ. യുമായ ശ്രീ. കെ. രാധാകൃഷ്ണൻ മുൻകയ്യെടുത്ത് ദേശമംഗലത്തെ കുടപ്പാറ കയത്തിൽ, കടങ്ങോട് പദ്ധതി നടപ്പാക്കുന്നത് ആലോചനയിലുണ്ട്. ദേശമംഗലത്തെ കുടപ്പാറ കയത്തിലെ കടങ്ങോട് പദ്ധതി ചങ്ങണാംകുന്ന് പദ്ധതിക്ക് മുകളിലായതുകൊണ്ട് ആ പദ്ധതിക്ക് യാതൊരു തടസ്സവുമുണ്ടാകില്ലെന്ന് മാത്രമല്ല, ഉപകാരം കിട്ടുകയും ചെയ്യുമെന്ന കാര്യം കൂടി അങ്ങയെ അറിയിച്ചുകൊണ്ട് മേൽപ്പറഞ്ഞ ചെക്ക്ഡാമുകൾക്കും റെഗുലേറ്ററുകൾക്കും കൂടി അനുവാദം നൽകണമെന്നഭ്യർത്ഥിക്കുന്നു. ഞാൻ എന്റെ മണ്ഡലത്തിലെ കാര്യം മാത്രമല്ല പറയുന്നത്. ഇപ്പോൾ പൊന്നാനിയിലെ ചമ്രവട്ടം റെഗുലേറ്റർ വന്നതോടെകൂടി ഭാരതപ്പുഴയിൽ കുറ്റിപ്പുറം വരെയും അതിനുതാഴെ തൃത്താലയിൽ റെഗുലേറ്റർ വന്നതുകൊണ്ട് പട്ടാമ്പി, തിരുമുറ്റക്കോട് ക്ഷേത്രം വരെയും വെള്ളമുണ്ട്. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇക്കാര്യത്തിൽ താൽപ്പര്യമുണ്ടെന്ന് എനിക്കറിയാം. മന്ത്രിയായതിനുശേഷം അങ്ങ് അനേകം തവണ പാലക്കാട് ജില്ലയിൽ വന്ന് ഇതുസംബന്ധിച്ച് ചർച്ച നടത്തിയിട്ടുണ്ട്. അങ്ങ് ഇക്കാര്യത്തിൽ ഇനിയും പ്രത്യേക താൽപ്പര്യമെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, ഭാരതപ്പുഴയിൽ ഓങ്ങല്ലൂർ ചങ്ങണാംകുന്ന് തടയണയുടെ നിർമ്മാണത്തിന് നബാർഡ്-19-ൽപ്പെടുത്തി 32.5 കോടി രൂപയുടെ ഭരണാനുമതി

നൽകിയിട്ടുണ്ട്. ദേശമംഗലം പഞ്ചായത്തിലെ കൊടപ്പാറക്കയം തടയണ തീർത്താൽ ഉണ്ടാകുമായിരുന്ന പ്രയോജനം ചങ്ങണാംകുന്ന് തടയണകൊണ്ട് ലഭ്യമാകുന്നതാണ്. തൂതപ്പുഴയിൽ കുഴിക്കല്ലൂർ പഞ്ചായത്തിലെ നാട്യമംഗ ലത്ത് തോണിക്കടവിൽ ചെക്ക് ഡാം നിർമ്മിക്കുന്നതിന് 415 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും വിളയൂർ പഞ്ചായത്തിലെ പാറക്കടവ് ചെക്ക് ഡാം നിർമ്മിക്കുന്ന തിന് 1300 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും തയ്യാറാക്കി നബാർഡിന്റെ സാമ്പ ത്തിക സഹായം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവേ ഗപ്പുറ പഞ്ചായത്തിൽ തടയണ നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നട ത്താനുള്ള നടപടികൾ എടുത്തുവരുന്നു. കഴിഞ്ഞ വേനൽക്കാലത്തുണ്ടായ രൂക്ഷമായ വരൾച്ച പാലക്കാട് ജില്ലയിൽ കൂടുതൽ തടയണ നിർമ്മിക്കേണ്ട തിന്റെ ആവശ്യകത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭാരതപ്പുഴയിലും അതിന്റെ കൈവഴികളിലും മറ്റും തടയണകൾ നിർമ്മിച്ച് ജലം സംഭരിക്കുക യാണെങ്കിൽ കിണറുകളിലെയും മറ്റ് ജലസ്രോതസ്സുകളിലേയും ജലലഭ്യത അധികമാകുകയും ചെയ്യും. അതിനുള്ള പദ്ധതികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്.

## (10) <u>പി.എച്ച്.സി.യിൽ കിടത്തി ചികിത്സ</u>

<u>ശ്രീ. സി. മോയിൻകുട്ടി</u>: സർ, കഴിഞ്ഞ രണ്ട് വർഷമായി നിവേദനങ്ങളും സബ്മിഷനുകളുമായി നിരന്തരമായി ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയെ സമീപിക്കുന്ന ഒരെളിയ ജനപ്രതിനിധിയാണ് ഞാൻ. ഒരു പുതിയ ആവശ്യവും ഞാൻ ഇവിടെ ഉന്നയിക്കുന്നില്ല. ദീർഘകാ ലമായി നിലനിന്നിട്ടുള്ള അവകാശം നിലനിർത്തിക്കിട്ടുക മാത്രമാണ് എന്റെ ആവശ്യം. തിരുവമ്പാടി നിയോജകമണ്ഡലവും കേരളത്തിന്റെ ഭാഗമാണ്.

16-ഓളം എസ്.സി./എസ്.ടി. കുടുംബങ്ങൾ താമസിക്കുന്ന കോളനികൾ അവിടെയുണ്ട്. മലബാറിലെ ഏറ്റവും കൂടുതൽ ആദിവാസി കോളനികൾ നിലനിൽക്കുന്നത് എന്റെ മണ്ഡലത്തിലാണ്. സ്ത്രീ പുരുഷഭേദമെന്യേ പത്തും പതിനെട്ടും വയസ്സുള്ള കൗമാരപ്രായക്കാർപോലും മദ്യത്തിനടിമപ്പെട്ട് രോഗികളായി നിരന്തരം മരിച്ചുകൊണ്ടിരിക്കുന്ന ഒരവസ്ഥയാണ് അവിടെയുള്ളത്. ഇപ്പോഴത്തെ പനിമരണങ്ങളും അവിടെ നടന്നിട്ടുണ്ട്. പി.എച്ച്.സി. യിൽ നേരത്തേ ഉണ്ടായിരുന്ന കിടത്തിചികിത്സ പുന:രാരംഭിക്കുന്നതിനുവേണ്ടി നിരവധി തവണ ബഹുമാനപ്പെട്ട മന്ത്രിയെ സമീപിച്ചതാണ്. അദ്ദേഹം രണ്ട് വർഷമായി പരിഗണിച്ചുകൊണ്ടേയിരിക്കുകയാണ്. സംഗതി ഇതുവരെ നടന്നിട്ടില്ല. പോസ്റ്റ് ക്രിയേഷനാണ് പ്രശ്നമെന്ന് പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മാണിസാറിനെ കണ്ട് പോസ്റ്റ് ക്രിയേഷൻ അനുവദിച്ചു. എന്നിട്ടും കാത്തിരിപ്പ് തുടരുകയാണ്. ഇതുസംബന്ധിച്ച ഫയലുകൾ ആരോഗ്യവകുപ്പുമന്ത്രിയുടെ ആഫീസിൽ വിശ്രമിക്കുകയാണ്. അതുകൊണ്ട് വളരെ അടിയന്തരമായി എന്തെങ്കിലും ചെയ്യാൻ സാധിക്കുമെങ്കിൽ, എസ്.ടി. കോളനി പ്രദേശത്തുള്ള പ്രൈമറി ഹെൽത്ത് സെന്ററിൽ മുമ്പുണ്ടായിരുന്ന കിടത്തി ചികിത്സ പുന:രാരംഭിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതോടൊപ്പം ആവശ്യമായ ഒരേക്കറോളം പൊന്നിൻ വിലയുള്ള സ്ഥലമുണ്ട്. പുരുഷന്മാർക്കും സ്ത്രീകൾക്കും ആവശ്യമായ എല്ലാ ഭൗതിക സാഹചര്യങ്ങളും അവിടെയുണ്ട്. കൂടാതെ ഡോക്ടർമാരുടെ ക്വാർട്ടേഴ്സും ലാബുമുള്ള പി.എച്ച്.സി. പട്ടണത്തിന്റെ നടുവിലാണ് സ്ഥിതി ചെയ്യുന്നത്. ഇനിയൊരു സബ്മിഷൻ ഇവിടെ കൊണ്ടുവരാനുള്ള അവസരമുണ്ടാകാതെ അങ്ങയുടെ പരിഗണനയിൽ ഇക്കാര്യം നടത്തിക്കിട്ടുന്നതിന് എന്തെങ്കിലും ചെയ്യാൻ

സാധിക്കുമോയെന്ന് ചോദിക്കുകയാണ്. നിരന്തരമായി ഇക്കാര്യം മാധ്യമങ്ങളിൽ വാർത്തയായി വരുന്നുണ്ട്. പത്രങ്ങളിൽ മുഖപ്രസംഗം അടക്കം എന്റെ നിയോജകമണ്ഡലത്തെക്കുറിച്ച് വാർത്ത വന്നിരിക്കുകയാണ്. ദയവായി അങ്ങ് കനിയണം. പി. എച്ച്.സി.യിൽ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമുള്ളതുകൊണ്ട് അതൊന്ന് യാഥാർത്ഥ്യമാക്കി തരണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): സർ, കോടഞ്ചേരി പ്രാഥമികാരോഗ്യ കേന്ദ്രം 24 മണിക്കൂറും പി.എച്ച്.സി.യായി പ്രവർത്തിക്കുന്നുണ്ട്. ഈ പ്രാഥാമികാരോഗ്യ കേന്ദ്രത്തിന്റെ കീഴിൽ 11 സബ്സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ഒരു മെഡിക്കൽ ഓഫീസർ ഉൾപ്പെടെ 11 ജീവനക്കാർ ഇവിടെ സേവനം അനുഷ്ഠിച്ചുവരുന്നുണ്ട്. കോടഞ്ചേരി പി.എച്ച്.സി.യിൽ ഒഴിവുകളൊന്നുംതന്നെ നിലവിലില്ല. എല്ലാപേരേയും നിയമിച്ചിട്ടുണ്ട്. ഈ പി.എച്ച്.സി.യിലെ ശരാശരി ഒ.പി. 90-നും 100-നും ഇടയിലാണ്. ഓരോ സ്ഥലങ്ങളിലുള്ള ആശുപത്രികളിൽ കിടത്തി ചികിത്സ അനുവദിക്കണമെങ്കിൽ നിശ്ചിതയെണ്ണം ഒ.പി.-യും ഐ.പി.-യും വേണമെന്ന പ്രത്യേകമായിട്ടുള്ള മാനദണ്ഡങ്ങളുണ്ട്. ആ മാനദണ്ഡങ്ങൾ സാറ്റിസ്ഫൈ ചെയ്യാത്തതുകൊണ്ടാണ് ആ പി.എച്ച്.സി.യിലെ കിടത്തി ചികിത്സ ഒഴിവാക്കിയത്. എന്തായാലും ബഹുമാനപ്പെട്ട മെമ്പർ ഇതിന് ആ പ്രദേശത്തുള്ള പ്രാധാന്യവും വളരെയധികം പട്ടിക വർഗ്ഗ-വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന കോളനികൾ ഉൾപ്പെടുന്ന പ്രദേശമാണെന്ന് ചൂണ്ടിക്കാണിക്കുകയും ചെയ്തിട്ടുണ്ട്. ആ ഒരു പ്രത്യേകത കണക്കിലെടുത്തുകൊണ്ട് മറ്റ് മാനദണ്ഡങ്ങൾ ഒന്നും നോക്കാതെതന്നെ ഈ പ്രദേശത്ത് ഒരു

പ്രത്യേക പരിഗണന നൽകി കിടത്തി ചികിത്സാ സൗകര്യം ആരംഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്, അത് അനുവദിക്കുന്നതാണെന്ന് ഞാൻ ഈ അവസരത്തിൽ അറിയിക്കുകയാണ്.

## (11) ആയുർവേദ ആശുപത്രിയിൽ കിടത്തി ചികിത്സ

ശ്രീ. വി. റ്റി. ബൽറാം): സർ, എന്റെ നിയോജക മണ്ഡലമായ തൃത്താല ആയുർവേദ രംഗത്ത് വലിയ പാരമ്പര്യമുള്ള സ്ഥലമാണ്. ഇവിടെത്തന്നെയുള്ള ബഹുമാന്യരായ പല അംഗങ്ങളും അവിടെ ചികിത്സ തേടുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. ഇത്തരത്തിലുള്ള സ്ഥാപനങ്ങളൊക്കെ സ്വകാര്യ മേഖലയിലാണ് നിലനിൽക്കുന്നത്. കേരളത്തിലെതന്നെ ഒരുപക്ഷെ ആഗോളതലത്തിൽതന്നെ പ്രശസ്തമായിട്ടുള്ള സ്വകാര്യ ചികിത്സാ കേന്ദ്രങ്ങൾ ഇവിടെയുണ്ട്. പക്ഷെ, നമുക്ക് പൊതുമേഖലയിൽ ആയുർവേദ രംഗത്ത് ഗുണ നിലവാരമുള്ള സ്ഥാപനങ്ങൾ ആ പ്രദേശത്തില്ല. ഇക്കാര്യങ്ങൾ നേരിട്ടറിയാവുന്ന ഒരു വ്യക്തിയാണ് ബഹുമാന്യനായ മന്ത്രി. എന്റെ മണ്ഡലത്തിൽ ഒരു പരിപാടിയിൽ പങ്കെടുക്കാൻവന്നയവസരത്തിൽതന്നെ കപ്പൂർ പഞ്ചായത്തിലെ കൊഴിക്കര ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിയിൽ കിടത്തി ചികിത്സ ആരംഭിക്കേണ്ടതിന്റെ ആവശ്യകത ഞാൻ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അദ്ദേഹം അത് അംഗീകരിക്കുകയും ചെയ്തിരുന്നു. പക്ഷെ അതിന്റെ തുടർ നടപടികൾ ഒന്നുമായിട്ടില്ല. ബാക്കിയെല്ലാ സൗകര്യങ്ങളുമുണ്ട്. കെട്ടിടങ്ങളും മറ്റ് കാര്യങ്ങളുമൊക്കെയുണ്ട്. അവിടെ ഡോക്ടറെ നിയമിച്ച് കിടത്തി ചികിത്സ ആരംഭിക്കാൻ സാധിച്ചാൽ ജനങ്ങൾക്ക് വലിയ പ്രയോജനമാകും. ആ നാടിന്റെ പാരമ്പര്യവുമായി ചേർന്നുനിൽക്കുന്ന കാര്യം എത്രയുംപെട്ടെന്ന് ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

അതുപോലെതന്നെ, ചാലിശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ പാലക്കാട് ജില്ലയുടെ ഒരറ്റത്താണ്. പാലക്കാട് ടൗണിൽ മെഡിക്കൽ കോളേജ് വരുന്നുണ്ടെങ്കിലും ഞങ്ങളുടെ പ്രദേശത്ത് വേണ്ടത്ര പ്രയോജനം ലഭിക്കുമെന്ന് കരുതാൻ സാധിക്കില്ല. അതുകൊണ്ട് ചാലിശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഒരു ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിനുവേണ്ടിയുള്ള നീക്കങ്ങൾ ഞങ്ങൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ബഹുമാന്യനായ ശ്രീ. ഇ. റ്റി. മുഹമ്മദ് ബഷീർ, എം.പി, അദ്ദേഹത്തിന്റെ ഫണ്ടിൽ നിന്ന് 20 ലക്ഷം രൂപ നൽകിക്കഴിഞ്ഞു. ഞാൻ എന്റെ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് അവിടെ 12 ലക്ഷം രൂപയുടെ ഡയാലിസിസ് മെഷീനുകൾ വാങ്ങിക്കഴിഞ്ഞു. ബ്ലോക്ക് പഞ്ചായത്ത് ഇതുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങൾ ചെയ്യുകയാണ്. എൻ.ആർ.എച്ച്.എം ഫണ്ട് ഉപയോഗിച്ചും മറ്റ് കാര്യങ്ങൾ അവിടെ ചെയ്യുകയാണ്. കെട്ടിടത്തിന്റെ പണി ഏതാണ്ട് പൂർത്തീകരിച്ചുകഴിഞ്ഞു. പക്ഷെ അതിനോടനുബന്ധമായ ഉത്തരവ് ഇറങ്ങാത്തതുകാരണം ഡോക്ടർമാർക്കും മറ്റ് സ്റ്റാഫിനുമുള്ള ട്രെയിനിംഗ് അടക്കമുള്ള കാര്യങ്ങൾ ഇനിയും നടന്നിട്ടില്ല. അതുകൂടി പൂർത്തീകരിച്ചുകഴിഞ്ഞാൽ ഒരുപക്ഷെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ തലത്തിലെ സംസ്ഥാനത്തുതന്നെ ആദ്യത്തെ ഡയാലിസിസ് സെന്ററിന് ആരംഭം കുറിക്കാൻ ചാലിശ്ശേരി തയ്യാറെടുത്തുനിൽക്കുകയാണ്. ഈ രണ്ട് കാര്യങ്ങൾ വളരെ പ്രാധാന്യത്തോടുകൂടി താങ്കൾ ശ്രദ്ധിക്കണമെന്നും ഇക്കാര്യത്തിൽ ഏറ്റവും സത്വരമായ നടപടികളുണ്ടാകണമെന്നുമാണ് അഭ്യർത്ഥിക്കാനുള്ളത്. ആംബുലൻസിന്റെ സൗകര്യക്കുറവും അവിടെയുണ്ട്. നിരവധി സി.എച്ച്.സി.-യും, പി.എച്ച്.സി.-യുമുണ്ടെങ്കിലും ഒരു ആശുപത്രിയിലും ആംബുലൻസ് സൗകര്യമില്ല. അതുകൊണ്ട് പാലക്കാട് ജില്ലയ്ക്ക് ഇനി അടു

ത്തതായി ലഭിക്കുന്ന ആംബുലൻസ് ചാലിശ്ശേരി സി.എച്ച്.സി.യിൽ നൽകാൻ വേണ്ടിയുള്ള ഒരു തീരുമാനം എടുക്കണം. ഗ്രാമീണ മേഖലയാണ്. അതു കൊണ്ട് പനി മരണങ്ങളുടെയും മറ്റ് ആരോഗ്യരംഗത്തെ പ്രതിസന്ധിയു ടെയും പ്രത്യേക പശ്ചാത്തലത്തിൽ തൃത്താല നിയോജക മണ്ഡലത്തിലെ ആരോഗ്യ സംവിധാനത്തെ മൊത്തത്തിൽ ശക്തിപ്പെടുത്തുന്ന തരത്തിലുള്ള ഒരു തീരുമാനമെടുക്കുന്നതിന് താങ്കൾ ഇടപെടണമെന്നും ഇതിനുവേണ്ടി ആവശ്യമെങ്കിൽ ഉന്നതതല മീറ്റിംഗ് വിളിച്ചുച്ചേർക്കണമെന്നുമാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, പാലക്കാട് ജില്ലയിലെ തൃത്താല മണ്ഡല ത്തിലെ കപ്പൂർ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന കൊഴിക്കര ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തുന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ നിലവിലുണ്ട്. ആ ഒരു സാഹചര്യത്തിൽ കപ്പൂർ പഞ്ചായത്തിലെ ആയുർവേദ ഡിസ്പെൻസറിയെ ആശുപത്രിയായി ഉയർത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. രണ്ടാമത് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത് തൃത്താല എം.എൽ.എ.യുടെ സാന്നിദ്ധ്യ ത്തിൽതന്നെ യോഗം ചേർന്ന് ചാലിശ്ശേരി സി.എച്ച്.സി.യിൽ പുതിയതായി ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നതിനുവേണ്ടിയുള്ള തീരുമാനമെടുക്കു കയും അതിന്റെ ഭാഗമായി 2 ഡയാലിസിസ് മെഷീനുകൾ എം.പി. ഫണ്ടിൽ നിന്നും വാങ്ങി നൽകുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. 29.05.2013-ലെ സർക്കാർ ഉത്തരവുപ്രകാരം സി.എച്ച്.സി.യിൽ പുതിയതായി നിർമ്മിച്ച പ്രസവ വാർഡിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനാവശ്യമായി

ട്ടുള്ള തസ്തികകൾ, ജൂനിയർ കൺസൾട്ടൻ്റ് -ജനറൽ മെഡിസിൻ-1, അസിസ്റ്റൻ്റ് സർജൻ-2, സ്റ്റാഫ് നേഴ്സ്-4, ലാബ് ടെക്നീഷ്യൻ-1, നഴ്സിംഗ് അസിസ്റ്റൻ്റ്-2, എച്ച്.എ. ഗ്രേഡ്-2, എന്നിവ പുനർവിന്യാസം വഴി കണ്ടെത്തുന്നതിന് ഉത്തരവായിട്ടുണ്ട്. ഡയാലിസിസ് യൂണിറ്റ് പ്രവർത്തനക്ഷമമാകുന്നതിനായി ജീവനക്കാർക്ക് ആവശ്യമായ ട്രെയിനിംഗ് നൽകാനും നിർദ്ദേശം നൽകിയിട്ടുണ്ട്. പുനർവിന്യാസം മുഖേന ജീവനക്കാരെ നിയമിച്ച് ആവശ്യമായി ട്രെയിനിംഗ് നൽകി പ്രസ്തുത യൂണിറ്റ് പ്രവർത്തനമാരംഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

(മേശപ്പുറത്തുവച്ച കടലാസ്സുകൾ)